# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26

## എം.എസ്.എച്ച്.എസ്.എസ് മൈനാഗപ്പള്ളി

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടി 2025-26 അധ്യയനവർഷത്തിൽ 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയും. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഉള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഈ സ്കൂളിന് കഴിയുന്നു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസലിങ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിനു ആവിശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ , പൂർവ്വ വിദ്യാർഥികൾ , നാട്ടുകാർ , രക്ഷാകർത്താക്കൾ , ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്തുവാൻ കഴിയുന്നു.

സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം **'സ്കൂൾ തന്നെ പാഠപുസ്തകം'** എന്ന വിശാലമായ ആശയം ഇവിടെ സ്വാർഥമാകുന്നു. സ്കൂൾ രൂപം കൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്ക്കരിക്കുന്ന പ്രവർത്തനങ്ങളുമായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കാം.

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കൊല്ലം |
| വിദ്യാഭ്യാസ ജില്ല | : | കൊല്ലം |
| ഉപജില്ല | : | ചവറ |
| സ്കൂൾ കോഡ് | : | **41050** |
| സ്കൂളിന്റെ പേര് | : | എം.എസ്.എച്ച്.എസ്.എസ് മൈനാഗപ്പള്ളി ,<br>വേങ്ങ പി.ഒ , ശാസ്താംകോട്ട<br>കൊല്ലം – 690521 |
| ഫോൺ നമ്പർ | : | 0476 – 2832022 |
| ഇ–മെയിൽ | : | 41050klmmshss@gmail.com |
| ഗ്രാമപഞ്ചായത്ത് | : | മൈനാഗപ്പള്ളി |
| ക്ലാസുകൾ | : | 5 to 10 |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠനമാധ്യമം | : | മലയാളം / ഇംഗ്ലീഷ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
| --- | --- | --- | --- | --- |
| 1 | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br><br>എല്ലാകുട്ടികൾക്കുംഅക്ഷരങ്ങളും ചിഹ്നങ്ങളുംഉറപ്പിക്കാൻ അക്ഷരകാർഡുകൾ ,ചിത്രം, പദചാർട്ടുകൾ ,കാർട്ടൂൺ ,ചിത്രകഥ ,ബലമാസികകൾ എന്നിവ പ്രയോജനപ്പെടുത്തൽ<br><br>മലയാളത്തിളക്കം ,ശ്രദ്ധ ,എന്നിവയുടെ സഹായത്തോടെ പഠനത്തിൽ പ്രയാസം നേരിടുന്ന ഓരോ കുട്ടിക്കും ആവശ്യമായ പ്രത്യേക പഠനാനഭവങ്ങൾ നൽകി മുൻനിരയിൽ എത്തിക്കൽ I C T സാധ്യത ഉപയോഗപ്പെടുത്തൽ | ആഴ്ചതോറും | HS & UP | മുൻനിരയിൽ എത്തിക്കൽ |
| 2. | ലൈബ്രറി<br><br>ക്ലാസ്സ്തല ലൈബ്രറി<br>വായനമൂല<br>എൻറെ സ്കൂളിന് ഒരു പുസ്തകം<br>വായനാ കുറിപ്പ് ,അമ്മവായന ,ലൈബ്രറി നവീകരണം ,പുസ്തകങ്ങളെ തരം തിരിക്കൽ | 1 മാസം | HS & UP | വായനാശീലം വളർത്തൽ ആസ്വാദന ശേഷി വികസിപ്പിക്കൽ |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 3. | പാഠഭാഗവുമായി ബന്ധപ്പെട്ട ദൃശ്യാവിഷ്കാരം<br><br>ICT സാധ്യത ദൃശ്യാവിഷ്കാരങ്ങൾ കണ്ടെത്തുന്നതിന് അവസരം പരിശീലനം വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കൽ | 1 മാസം | HS &UP | അഭിനയ പാടം<br>അവതരണ പാടം<br>ആശ്രയ ഗ്രഹണം<br>സർഗ്ഗ വാസന പരിപോഷിപ്പിക്കൽ |
| 4. | ഭാഷോത്സവം<br><br>മലയാള ഭാഷയുടെ പ്രാധാന്യം വളർത്തൽ<br>പ്രഭാഷണം<br>പ്രസംഗം<br>കവിതാലാപനം<br>നാടൻപാട്ടുകൾ കടംകഥകൾ ,പഴംചൊല്ലുകൾ ,കലോത്സവ ങ്ങളിലെ പങ്കാളിത്തം .<br>സാധ്യത ഉപയോഗിച്ച് പ്രത്യേക പരിശീലനം വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ<br>മികച്ചതിനെ പ്രോത്സാഹിപ്പിക്കൽ<br>വിദ്യാരംഗം കലാസാഹിത്യ വേദി | 1 വർഷം | HS &UP | സർഗ്ഗാത്മകത പരിപോഷിപ്പിക്കൽ |

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 3. | പഠനയാത്ര<br><br>യാത്രാവിവരണം തയ്യാറാക്കൽ ശേഖരണം പതിപ്പ് | വർഷത്തിൽ ഒരു പ്രാവശ്യം | HS &UP | ആസ്വാദനശേഷി വികസിപ്പിക്കൽ മാനസികോല്ലാസം |
| 4 | മാഗസിൻ നിർമ്മാണം<br><br>കഥകളും കവിതകളും, ചിത്രങ്ങളും മറ്റും കേൾക്കുവാനും കാണുവാനുമുള്ള അവസരം ലേഖന മികവിലേക്കും വായന മികവിലേക്കും നയിക്കാനുള്ള അവസരം ഒരുക്കൽ<br>രചന പരിശീലനം ചിത്രം,കഥ ,കവിത ,സംഭാഷണ പരിശീലനം | 1 വർഷം | HS &UP | സർഗ്ഗാത്മകത വർധിപ്പിക്കൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സംസ്കൃതം

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|---|
| 1 | സംസ്കൃത ഭാഷപഠനം<br>പ്രോത്സാഹിപ്പിക്കൽ | | | |
| | * അക്ഷര ചാർട്ടുകളിലൂടെ<br>കുട്ടികളിൽ അക്ഷരങ്ങൾ<br>ഉറപ്പിക്കൽ | ഒരു മാസം | 5 ,6 ,7 ,8 | ഭാഷാനൈപുണ്<br>വളർത്തൽ |
| 2 | ഭാഷാനിഘണ്ടു നിർമ്മാണം | ഒരുവർഷം | 5 മുതൽ 10 വരെ | ഭാഷാനൈപുണ്<br>ലളിതമാക്കൽ |
| | * എഴുത്തുംവായനയും<br>പ്രോത്സാഹിപ്പിക്കൽ | എല്ലാ ആഴ്ച്ചയിലും | 5 മുതൽ 10 വരെ | |
| | 1<br>വായനാ മത്സരം<br>സംഘടിപ്പിക്കൽ | | | |
| | 2<br>കവിതാലാപന മത്സരം | ആഴ്ചതോറും | | |
| | 3<br>ചിത്രങ്ങൾ നോക്കി വാക്യ<br>രചന | | | എഴുത്തും വായനയും<br>കുട്ടികളിൽ എത്തിക്കൽ |
| | 4<br>കഥാപുരാണം | | | |
| | 5<br>കഥാക്രമീകരിക്കൽ | | | |
| | 6<br>പിന്നോക്കംനിൽക്കുന്ന<br>കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ<br>നമ്പർ | | | |

| | | | | |
|---|---|---|---|---|
| 3<br><br><br><br><br><br><br><br><br><br><br><br><br>4 | സംസ്കൃത കൗൺസിൽ രൂപീകരണം<br><br>* കഥകളുംകവിതകളും കേൾക്കാനും കാണാനുമുള്ള അവസരം<br><br>* രചനപരിശീലനം<br><br>* സംഭാഷണപരിശീലനം<br><br>* കലോത്സവങ്ങളിലെ പങ്കാളിത്തം ഉറപ്പാക്കൽ<br>* ഐ ടി സാധ്യതഉപയോഗപ്പെടുത്താൽ | മാസത്തിൽ ഒരു തവണ | 5,6,7,8,9 ,10 | കുട്ടികളിലെ സർഗാത്മകത പരിപോഷിപ്പിക്കൽ |
| | <u>ദിനാചരണങ്ങൾ</u><br>സംസ്കൃത ദിനാചരണവും പ്രദർശനവും<br><br>1 അസംബ്ലി<br>2 വായന ,പ്രശനോത്തിരി മത്സരങ്ങൾ<br>3 നിത്യോപയോഗസാധനങ്ങളുടെ സംസ്കൃതനാമപത്രിക പ്രദശനങ്ങൾ | വർഷത്തിൽ ഒരു തവണ | 5,6,7,8,9,10 | സംസ്കൃതഭാഷയുടെ പ്രാധന്യം മനസിലാക്കാൻ സ്വഭാവ രൂപീകരണം |

| | | | | |
|---|---|---|---|---|
| 5 | സാങ്കേതിക സംസ്കൃതം<br>• ഐ .സി .ടി യിലൂടെ സംസ്കൃത പഠനം<br>• സംസ്കൃത ഗ്രാമം പരിചയപ്പെടുത്തൽ<br>• ആലപിച്ച ഗാനം - റെക്കോർഡിങ്<br>• സംസ്കൃത സിനിമാ പ്രദർശനം | ആഴ്ചയിൽ ഒരു തവണ | 5,6,7,8,9,10 | സാങ്കേതിക വിജ്ഞാനം |
| 6 | സ്കോളർഷിപ്പിനുള്ള പരിശീലനം<br>• പരീക്ഷയിൽ ഉയർന്ന വിജയം നേടിയ കുട്ടികളെ കണ്ടെത്തി സ്കോളർഷിപ്പിനുള്ള പ്രത്യേക പരിശീലനം നൽകൽ<br>• പ്രോത്സാഹനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | 5,6,7,8,9,10 | സമകാലീന പരിജ്ഞാനം നേടൽ |
| 7 | സംസ്കൃത പഠന യാത്ര<br>• കവികളുടെയും മഹാന്മാരുടെയും ഗൃഹസന്ദർശനം<br>• കലാകേന്ദ്രങ്ങൾ പരിചയപ്പെടൽ<br>• യാത്ര വിവരണം തയ്യാറാക്കൽ | മാസത്തിൽ ഒരു തവണ | 5,6,7,8,9 | സർഗാത്മകത വളർത്തൽ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അറബിക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രൂപങ്ങളുടെ വ്യത്യാസങ്ങൾ എന്നിവ മാസിലാക്കി വായിക്കാനും എഴുതുവാനും ഉള്ള  കഴിവ് ആർജ്ജിക്കൽ | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കുവാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രേത്യേക പരിശീലനത്തിലൂടെ ഉയർത്തികൊണ്ടുവരും കൂടാതെ അക്ഷരകാർഡുകൾ  ICT ഉപയോഗിച്ചുള്ള വിവിധ ഗെയിമുകൾ തുടങ്ങിയവയും ഉപയോഗിക്കുന്നു | അധ്യയന വർഷാരംഭത്തിലെ മൂന്നു മാസം |
| അറബി ഭാഷാശേഷി വർധിപ്പിക്കുക പദ സമ്പത്തു അധികരിപ്പിക്കുക | പുതിയ പദങ്ങൾ  പരിചയപ്പെടൽ, പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ പുതിയ പദങ്ങൾ  കണ്ടെത്തുവാൻ വേണ്ട സാഹചര്യം ഒരുക്കുന്നു ദൈനംദിനം ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും മത്സരബുദ്ധിയോടെ കുട്ടികൾ പങ്കാളികൾ ആകുകയും ചെയ്യുന്നു | ജൂൺ - മാർച്ച് |
| | | |

| | | |
|---|---|---|
| അറബിയിലുള്ള ചെറിയ ശൈലികൾ, ഉപചാരവാക്കുകൾ തുടങ്ങിയവ മനസിലാക്കുക | പാഠ പുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു | ജൂൺ - മാർച്ച് |
| ഭാഷാ അഭിമുഖ്യം, വായന, താല്പര്യം, പൊതു വിജ്ഞാനം തുടങ്ങിയവ വർധിപ്പിക്കൽ | വായനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു . പൊതു വിജ്ഞാനം അറബി ഭാഷ സംബദ്ധമായ വിവരങ്ങൾ ഉൾപ്പെടുത്തി അറബിയിലും മാതൃ ഭാഷയിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു | ജൂൺ - മാർച്ച് |
| അറബി ഭാഷ വിനിമയ ശേഷി വർധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി ബന്ധമുള്ള പദ പയറ്റ് ,പദകേളി ,പദ നിർമ്മാണം ,പ്രസംഗം തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം | ജൂൺ - മാർച്ച് |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തി കുട്ടികളുടെ സർഗ്ഗശേഷി വർധിപ്പിക്കൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിക്കുകയും അനുബന്ധമായ ക്വിസ്സ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും | ജൂൺ - മാർച്ച് |

| | | |
|---|---|---|
| അറബി ഭാഷാപഠനത്തിൽ ICT സാധ്യത ഉപയോഗപ്പെടുത്താനുള്ള പ്രാഥമിക ഘ ട്ടത്തിനു തുടക്കം കുറിക്കാൻ | അറബി ലാംഗ്വേജ്, ലാബ് സ്മാർട്ട് ക്ലാസ് , അറബിയിലുള്ള സാഹിത്യ ശേഖരണം തുടങ്ങിയ വയിലൂടെയുള്ള പരിശീലനം, കമ്പ്യൂട്ടറിൽ അറബിക് ടൈപ്പിങ്ങിനായി കീബോർഡിൽ അറബി അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു | ജൂൺ - മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഇംഗ്ലീഷ്

## UP & HS Ripples of English

മേഖല -ഭാഷ ഉപമേഖല -ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.<br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കുന്നതിനും എഴുതുന്നതിനും സംസാരിക്കുന്നതിനുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ | • പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം വിലയിരുത്തുന്നു<br>➢ ഇംഗ്ലീഷ് ഭാഷയുടെ ഉച്ചാരണ വൈവിധ്യം മനസിലാക്കുന്നതിനുള്ള വ്യത്യസ്തങ്ങളായ 'Word drills പരിചയപ്പെടുന്നു.<br>➢ 'One Word One day' എന്ന പരിപാടിയിലൂടെ കുട്ടികളുടെ പദ്ധ സമ്പത്ത് വിപുലമാക്കുന്നു.<br>➢ 'Image Reading' ലൂടെ ആശയവിനിമയത്തിനുള്ള സാഹചര്യമൊരുക്കുന്നു .<br>➢ സൂചകങ്ങൾ ഉപയോഗിച്ച് വാക്യ ഘടനയിലേക്കു എത്തിക്കാനുതകുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു .<br>➢ [story completion,guided composition writing,copywriting,story books,work book,completion,news reading etc…]<br>• കുട്ടികളിലൂടെയുള്ള പഠനഭാഗ ഗ്രഹിക്കൽ.<br>• Once in a week familiarizing author and their books | One academic year | HM<br>English Teacher | 2000<br>5000 |

# മേഖല - ഭാഷ

ഉപമേഖല -ഇംഗ്ലീഷ്

മുഖ്യ ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ കേട്ട് മനസ്സിലാക്കുവാനുള്ള ശേഷി വികസിപ്പിക്കുക
- ഭാഷ ഭയം കൂടാതെ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക
- ഭാഷ ഉച്ചാരണ ശുദ്ധിയോടെ സംഗ്രഹിക്കുവാനുള്ള ശേഷി വികസിപ്പിക്കുക
- ക്രിയാത്മകമായ ശേഷികൾ വ്യക്തതയോടെ ഇംഗ്ലീഷ് ഭാഷയിൽ അവതരിപ്പിക്കാനുള്ള ശേഷി വളർത്തുക
- മാതൃ ഭാഷ പോലെ അനായാസേന കൈകാര്യം ചെയ്യാൻ ഉള്ള അവബോധം സൃഷ്ടിക്കുക
- ജീവിത നൈപുണ്യങ്ങളും മാനുഷിക മൂല്യങ്ങളും ആർജിക്കുവാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക

ഉപലെക്ഷ്യങ്ങൾ

- ഓരോ ക്ലാസിലെയും കുട്ടികൾ ആർജ്ജിക്കേണ്ട ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാഥമിക ശേഷികൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ ക്ലാസ് മുറികളിൽ ഒരുക്കുക
- എൽ .എസ്സ് .ആർ .ഡബ്ലിയൂ നേടുന്നതിനായുള്ള പ്രവർത്തങ്ങൾ ക്ലാസ് മുറികളിൽ അവലംബിക്കുക
- ആശയാവിഷ്കാരത്തിനു ഉതകുന്ന വിവിധ പ്രവർത്തങ്ങൾക്കായി ക്ലാസ് മുറികളെ ഒരുക്കുക

| | | | |
|---|---|---|---|
| 2.<br>മാതൃഭാഷയുടെ ഇടപെടൽകൂടാതെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | • ഇംഗ്ലീഷ് ക്ലാസ് മുറിയിൽ പൂർണ്ണമായും ഇംഗ്ലീഷ് ഭാഷാധിഷ്ഠിതമാക്കുക<br>➢ ഭാഷാ ശ്രവിക്കുവാനുള്ള പരമാവധി അവസരം ഉറപ്പിക്കുക<br>(ICT oriented programme, BBC News native speaker's class in a month)<br>➢ അധിക വായനയ്ക്കുള്ള അവസരം ഒരുക്കുക<br>( 1 hour reading programme, Library visit, Digital reading newspaper reading etc…)<br>➢ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ പദ്ധതികളായ ശ്രദ്ധ എന്നിവയുടെ ചുവടുപിടിച്ച് പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും സമയാസമയങ്ങളിൽ വിലയിരുത്തലിലൂടെ അവരെ മുൻനിരയിലേക്ക് നയിക്കുന്നു | 1 academic year | HM<br>English teacher<br>PTA<br><br>HM<br>English teacher<br>PTA |

| | | | |
|---|---|---|---|
| 3.<br>ശരാശരി നിലവാരത്തിലുള്ള കുട്ടികളിൽ പഠനനിലവാരം ഉറപ്പുവരുത്തുക | ➢ ഇംഗ്ലീഷ് അസംബ്ലി<br>➢ ഇംഗ്ലീഷിലുള്ള ഡയറി കുറിപ്പ്<br>➢ ഒരു ദിവസത്തെ ചിന്താവിഷയം<br>➢ ക്ലാസ്സ്തല ഡിക്ഷണറി നിർമ്മാണം<br>➢ പിക്ചർ ഡിക്ഷണറി തയ്യാറാക്കൽ<br>➢ ഇംഗ്ലീഷ് നോട്ടീസ് ബോർഡ്<br>➢ ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്<br>➢ ഇംഗ്ലീഷ് ലൈബ്രറി<br>➢ സാഹിത്യകാരന്മാരുടെ പ്രൊഫൈൽ തയ്യാറാക്കൽ<br>➢ വാൾമാഗസിൻ<br>➢ റീഡിങ് കോർണർ<br>➢ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ(role play,speech,versification, choreography, flash mob, drama skit etc ..)<br>➢ Visualisation of English lessons (class wise)<br>➢ Graffity wall (ചുവരെഴുത്ത്)<br>➢ Display of students talents in English through poems, short stories , novels.<br>➢ Magazine Preparations | One Academic Year | English Teacher<br><br>HM , English teacher<br><br>English teacher<br><br>English teacher |

| | | | | |
|---|---|---|---|---|
| 4.<br><br>ഭിന്നശേഷിക്കാർക്ക് പ്രത്യേകം പരിഗണന | • ഭിന്നശേഷിക്കാരുടെ മാനസികവും വൈകാരികവും ശാരീരികവുമായ തലങ്ങൾ അനുസരിച്ച പഠനപ്രവർത്തനങ്ങൾ ലഘൂകരിക്കുന്നു .<br><br>• ശാരീരികവെല്ലുവിളി നേരിടുന്നവർക്ക് സമ സംഘ ങ്ങളുടെയും അധ്യാപകന്റെയും സഹായം ഉറപ്പുവരുത്തുന്നു .<br><br>• മാനസിക വൈകാരിക വെല്ലുവിളി നേരിടുന്നവരെ നിരന്തര വ്യക്തഗത കൗൺസിലിംഗിലൂടെ മുഖ്യധാരയിലേക്ക് എത്തിക്കാൻ പ്രാപ്തരാക്കുന്നു.<br><br>• പഠന പ്രവർത്തന ലഘൂകരണം<br>• പകർത്തി എഴുതൽ<br>• ആശയ വ്യക്തികതത ചിത്രങ്ങളിലൂടെ<br>• ചിത്രങ്ങളുടെയും പദങ്ങളുടെയും ക്രമീകരണം<br>• സർഗാത്മക ശേഷി വികസിപ്പിക്കൽ<br>• കഴിവുകൾ കണ്ടെത്തൽ<br>• വികസനത്തിനുള്ള സാഹചര്യമൊരുക്കൽ | One Academic year | SSA<br>RMSA<br>MPTA<br>Teachers<br>HM<br><br>English teacher | |

| | | | |
|---|---|---|---|
| | • (റിസോഴ്സ് ടീച്ചറിന്റെയും , കലാകായിക , അധ്യാപകരുടെയും സഹായം ഏകോപിക്കൽ )<br>• പഠ്യേതര പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പവരുത്തുക (സ്കൂൾ തല യൂണിറ്റ് -സോപ്പ് ,മെഴുകുതിരി , കട ലോഷൻ ,ക്രിസ്മസ് കാർഡ് ഇവയുടെ നിർമ്മാണം )<br>• കലാകായിക പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുക<br><br><u>ഫീൽഡ് ട്രിപ്പ്</u><br><br>• നേരിട്ടുള്ള അനുഭവത്തിലൂടെ ആശയവിനിമയം സാധ്യമാക്കൽ<br>• പരസ്പര സഹവർത്തിത്വം ഉറപ്പാക്കൽ<br>• യാത്രാവിവരണ ശേഷി വികസിപ്പിക്കൽ<br>• പി ടി എ യുടെ പ്രവർത്തനങ്ങൾ ഏകോപിക്കൽ | | PTA<br>SSA<br>RMSA<br>MPTA<br>Teachers<br>HM |

| | | | |
|---|---|---|---|
| 5<br>പ്രതിഭാപോഷണ പരിപാടികൾ | ● Divergent thinking Brain storm എന്നി തലങ്ങളിലേക്ക് കുട്ടികളെ ഉയർത്താനുള്ള പരിപാടികൾ<br>● റിവ്യൂ (പാഠഭാഗവലോകനം )<br>● ആസ്വാദനകുറിപ്പ്<br>● സമാന കവിതാരചന<br>● Comprehending the unseen<br>● English Magazine<br>● Seminar<br>● Panel Discussion<br>● Film show<br>● Project<br>● Debate<br>● Workshop<br>● Symposium<br>● Talk show<br>● Ratio programme<br>● Interviews<br>● Language lab<br>● Manuscript magazine<br>● Wall magazine<br>● English fest<br>● English carnival<br>● Digital magazine<br>● English blog<br>● English theatre | One Academic year | PTA<br>SSA<br>RMSA<br>MPTA<br>Teachers<br>HM |

# അക്കാദമിക മാസ്റ്റർപ്ലാൻ

# ഹിന്ദി

## ഭാഷാവികാസം -HINDI

### ലക്ഷ്യങ്ങൾ

1 അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക .

2 കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക .

3 ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മകത വികസിപ്പിക്കാനുമുള്ള അവസരം നൽകുക .

4 എല്ലാ കുട്ടികളും അർഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക .

5 സാഹിത്യഭി രുചി വളർത്തുന്ന പ്രവർത്തനങ്ങൾ .

6 ഭാഷശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക .

| പ്രവർത്തനം | കാലദൈർഘ്യം | ഭൗതികം | ക്ലാസ് |
| --- | --- | --- | --- |
| 1<br>അക്ഷരം , എഴുത്ത് , ചിഹ്നം<br>ഉറപ്പിക്കൽ അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയകാർഡ്,<br>ക്ലാസ്സിൽ അക്ഷരമാല പ്രദർശനം .<br>ഓൺലൈൻ അക്ഷരമാല കളികൾ ,<br>വാക്കുകൾ നിർമാണം ,<br>വാക്യങ്ങളുടെ നിർമാണം ,<br>വാക്കുകൾ എഴുതിയ കാർഡുകൾ . | June to August | അക്ഷര ചാർട്ട്<br>പാഠപുസ്തകം | V TO X |
| 2<br>വീട് ഒരു പരീക്ഷണശാല<br>(കാണുന്നതും,കേൾക്കുന്നതും<br>ഉപയോഗിക്കുന്നതുമായ<br>വസ്തുക്കളുടെ പേര് ഹിന്ദിയിൽ | September to October | ഹിന്ദി നിഘണ്ടു . | V To X |

| | | | |
|---|---|---|---|
| പഠിക്കുക ).<br><br>ഗൃഹോപകരണങ്ങൾ ഉൾപ്പെടെ<br><br>ഉള്ള വസ്തുക്കളുടെ പട്ടിക<br><br>ഹിന്ദിയിൽ തയ്യാറാക്കുക<br><br><br><br>3<br>സർഗ്ഗാത്മക രചനകൾ<br><br>വികസിപ്പിക്കാനുള്ള അവസരം<br><br>(സുരീലീ ഹിന്ദി പോലെയുള്ള)<br><br>ഹിന്ദിഅസ്സംബ്ലി ,ദിനാചരണ<br><br>ങ്ങൾ പ്രത്യേകിച്ച് ജൂലൈ 31 ,<br><br>September -<br><br>14 , ചിത്രസഹായത്തോടെ<br><br>ചിത്രകഥ മനസിലാക്കാൻ<br><br>തയ്യാറാക്കൽ ചിത്രം - കഥ<br><br>എഴുതൽ,കഥ- ബാക്കി എഴുതൽ,<br><br>ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ,<br><br>തർജ്ജമ (Translation) | November to February | പുസ്തകങ്ങൾ | v to x |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ശാസ്ത്രം (യു .പി )

| മേഖല | പ്രവർത്തനം | ലക്ഷ്യം | ചുമതല | പിന്തുണ |
|---|---|---|---|---|
| ശാസ്ത്ര ലാബ് നവീകരണം | നിശ്ചല മാതൃകകൾ പ്രവർത്തന മാതൃകകൾ എന്നിവ നിർമ്മിക്കൽ | ശാസ്ത്രാവബോധം വർധിപ്പിക്കുക പ്രവർത്തനാധിഷ്ഠിത വിദ്യാഭാസത്തിനു പ്രാധാന്യം നൽകുക | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ് | PTA SSG |
| ജൈവ പാർക്ക് നിർമ്മാണം | വൈവിധ്യങ്ങളായ ഔഷധ സസ്യങ്ങൾ കുട്ടികൾ കൊണ്ടുവരുന്നു അധ്യാപകരുടെ സഹായത്തോടെ പാർക്ക് നിർമ്മാണം | ഔഷധ സസ്യങ്ങൾ ജീവിതത്തിൽ ഒഴിച്ച് കൂടാത്തതാണെന്ന് തിരിച്ചറിയുന്നു | ശാസ്ത്ര ക്ലബ് | PTA കുട്ടികൾ |
| ഉപകരണ നിർമ്മാണം | ക്ലാസ് മുറികളിൽ പരീക്ഷണം ചെയ്യുന്നതിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള വസ്തുക്കൾ കണ്ടെത്തുന്നു. | പുത്തൻ പരീക്ഷണങ്ങളിലൂടെയും ഉപകരണ നിർമ്മാണത്തിലൂടെയും ആഹ്ളാദം കണ്ടെത്തൽ | SRG ശാസ്ത്ര ക്ലബ്ബ് , അധ്യാപകർ | ടീച്ചേർസ് കുട്ടികൾ |
| പഠന യാത്ര | കാർഷിക ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കുന്നു | നിരീക്ഷണാത്മകവും അനുഭവാധിഷ്ഠിതവുമായ പഠനം ഉറപ്പുവരുത്തുക | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ് | SSG |

| | | | | |
|---|---|---|---|---|
| വാനനിരീക്ഷണം | നക്ഷത്രങ്ങളെ പഠനം നടത്തുന്നു | നിരീക്ഷണാത്മകവും അനുഭവാധിഷ്ഠിതവുമായ പഠനം ഉറപ്പുവരുത്തുക | ശാസ്ത്ര അധ്യാപകർ | SSG |
| ലഹരി വിരുദ്ധ ക്യാമ്പയിൻ | ബോധവൽക്കരണ ക്ലാസ് സംഘാടനം | മനുഷ്യന് വിനാശകരമായ വസ്തുക്കളെ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുക | ശാസ്ത്ര ക്ലബ്ബ് | SRG, PTA |
| ദിനാചരങ്ങൾ ആചരിക്കുന്നു | ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക | ദിനാചരണങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക | ശാസ്ത്ര അധ്യാപകർ | SSG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അടിസ്ഥാന ശാസ്ത്രം (എച്ച്.എസ് )

| പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| 1<br>ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുക ജൂൺ 5 etc..<br><br>2<br>നിരീക്ഷണം | വർഷം മുഴുവനും | 8,9,10 | ആ ദിനത്തിന്റെ പ്രത്യേകതകൾ<br><br>കൗതുകം , ജിജ്ഞാസ നിരീക്ഷണ പാടവം കുട്ടികളിൽ വളർത്തുക |
| 3<br>പരീക്ഷണത്തിൽ ഏർപ്പെടൽ<br><br>4<br>ഉപകരണങ്ങളും യന്ത്രങ്ങളും ഡിസൈൻ ചെയ്യൽ<br><br>5<br>ശാസ്ത്രനേട്ടങ്ങളിൽ അഭിമാനിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ടത്തി<br><br>പാഠഭാഗവുമായി ബന്ധപ്പെട്ടത്തി | 8,9,10<br><br>8,9,10 | ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ<br><br>ശാസ്ത്രത്തിന്റെ വളർച്ച മനസിലാക്കാൻ |

| | | | |
|---|---|---|---|
| 6<br>ശാസ്ത്രത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക | അക്കാദമിക വർഷം മുഴുവനും | 8,9,10 | |
| 7<br>സ്കൂൾ അസംബ്ലിയിൽ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ ചിത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു | അക്കാദമിക വർഷം മുഴുവനും | 8,9,10 | ശാസ്ത്രജ്ഞന്മാരുടെ സംഭാവന മനസിലാക്കാൻ |
| 8<br>കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | അക്കാദമിക വർഷം മുഴുവനും | 8,9,10 | പരിസ്ഥിതിക ദോഷം വരാതെ സംരക്ഷിക്കുക |
| 9<br>ശാസ്ത്ര പ്രശ്നങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിക്കുക | അക്കാദമിക വർഷം മുഴുവനും | 8,9,10 | നിത്യ ജീവിതത്തിൽ ഇവ പ്രയോജനപ്പെടുത്തുക |
| 10<br>മറ്റുവിഷയങ്ങളുമായി ശാസ്ത്രത്തെ ബന്ധപ്പെടുത്തുക | അക്കാദമിക വർഷം മുഴുവനും | 8,9,10 | SS, Maths എന്നിവയുമായി ബന്ധപ്പെടുത്തുക |
| 11<br>സ്കൂൾ ലബോറട്ടറി പ്രയോജനപ്പെടുത്തുക | പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തുക | 8,9,10 | സ്വന്തം പരിസരത്തുനിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗപ്പെടുത്തുക |

| | | | |
|---|---|---|---|
| 12<br>സയൻസ് ക്വിസ് സംഘടിപ്പിക്കുക | മാസത്തിൽ ഒരു പ്രാവശ്യം | 8,9,10 | നേടിയ അറിവുകൾ |
| 13<br>സയൻസ് ക്ലബ് പ്രവർത്തനങ്ങൾ | 2 ആഴ്ചയിൽ | 8,9,10 | ശാസ്ത്രാഭിരുചി വളർത്തൽ |
| 14<br>ശാസ്ത്രമേള സംഘടിപ്പിക്കുക | 1 പ്രാവശ്യം | 8,9,10 | ഉത്പന്ന നിർമ്മാണം |
| 15<br>വിദഗ്ധരുടെ ക്ലാസുകൾ ,സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക | വിഷയാധിഷ്ഠിതം | 8,9,10 | ആശയ ധാരണ |
| 16<br>പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ടവ | 8,9,10 | നേരിട്ട് മനസിലാക്കാൻ കഴിയാത്തവ ICT യിലൂടെ മനസിലാക്കുക |
| 17<br>ഊർജ്ജ സംരക്ഷണം ഊർജ്ജ ഉപഭോഗം കുറക്കുക | | 8,9,10 | വീട്ടുകളിൽ നിന്ന് തന്നെ അതിന്റെ ബാലപാഠങ്ങൾ പഠിക്കുക |
| 18<br>ഊർജ്ജ പ്രതിസന്ധി | | | |

| | | | |
|---|---|---|---|
| പ്രശ്നനങ്ങൾ ,കാരണങ്ങൾ ,പരിഹാരങ്ങൾ | | 8,9,10 | |
| 19<br>റോഡ് സുരക്ഷ | | | |
| 20<br>പ്രഥമ ശുശ്രുഷ | | 8,9,10 | ജീവിതത്തിൽ പ്രാവർത്തികമാക്കുക |
| 21<br>ആഗോളതാപന പ്രശ്നനങ്ങൾ | | 8,9,10 | ജീവിതത്തിൽ പ്രാവർത്തികമാക്കുക |
| 22<br>വിവിധ തരം ഊർജ്ജ രൂപങ്ങൾ, ശബ്ദം ,താപം , പ്രകാശം ,വൈദ്യുതി | | 8,9,10 | പ്രശ്ന പരിഹാരത്തിൽ പങ്കാളിയാവുക |
| 23<br>നേത്രദാനം | | 8,9,10 | |
| 24<br>ശാസ്ത്ര പതിപ്പുകൾ തയ്യാറാക്കൽ | കുട്ടികളുടെ പഠനനേട്ടങ്ങൾ | 8,9,10 | |
| 25<br>പ്രാഥമിക ശുശ്രുഷകൾ | | 8,9,10 | എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുന്നു |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യ  ശാസ്ത്രം (യു .പി )

| മേഖല | പ്രവർത്തനം | ലക്ഷ്യം | ചുമതല | പിന്തുണ |
| --- | --- | --- | --- | --- |
| ഭൂപട നിർമ്മാണം | ക്ലാസ് മുറികളിൽ ഭൂപടം നിർമ്മിക്കാനാവിശ്യമായവസ്തുക്കൾ കണ്ടത്തുന്നു | ഭൂപട നിർമാണത്തിലൂടെ ആഹ്ളാദം കണ്ടെത്തുന്നു . | SRG ,സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ | ടീച്ചേഴ്സ് |
| ജൈവപാർക്ക് നിർമാണം | വൈവിധ്യങ്ങളായ ഔഷധ സസ്യങ്ങൾ കുട്ടികൾ കൊണ്ടുവരുന്നു . അദ്ധ്യാപകരുടെ സഹായത്തോടെ പാർക്ക് നിർമ്മാണം | ഔഷധ സസ്യങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ് തിരിച്ചറിയുന്നു | social club . | കുട്ടികൾ ,ടീച്ചേഴ്സ് |
| പഠനയാത്ര | വിവിധ തരം മണ്ണുകൾ നിരീക്ഷിക്കൽ | നിരീക്ഷണം പ്രവത്തനാധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക . | social club | കുട്ടികൾ |
| പതിപ്പുനിർമാണം | നിത്യജീവിതത്തിൽ സം ഭവിക്കുന്ന ചരിത്രപരമായ അനുഭവങ്ങൾ കണ്ടെത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പതിപ്പ് തയ്യാറാക്കുന്നു . | പതിപ്പ് തയ്യാറാക്കുന്നു | social club | കുട്ടികൾ ,S R G |
| ദിനാചരണം | ദിനാചരണം ആചരിക്കൽ . | കുട്ടികളിൽ ആവശ്യകതാബോധം വളർത്തുക . | SOCIAL SCIENCE CLUB | ടീച്ചേർസ് ,കുട്ടികൾ , P T A |

| | | | | |
|---|---|---|---|---|
| വാനനിരീക്ഷണം | നക്ഷത്രങ്ങളെപ്പറ്റി പഠനം നടത്തുന്നു | അനുഭവാധിഷ്ഠിതമായ പഠനം ഉറപ്പുവരുത്തുന്നു | SOCIAL SCIENCE CLUB | TEACHERS ,കുട്ടി<br>കൾ P T A |
| ലഹരി വിരുദ്ധ ക്യാമ്പയിൻ | ബോധവൽക്കരണ ക്ലാസ് | മനുഷ്യന് വിനാശകരമായ വസ്തുക്കളെ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുക | ലഹരി വിരുദ്ധ ക്യാമ്പയിൻ<br>SOCIAL CLUB | S R G, P T A |
| സോഷ്യൽ ലാബ് നവീകരിക്കുക | മാതൃകകൾ നിർമ്മിക്കുക | പ്രവർത്തനാധിഷ്ഠിതമായ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക | SOCIALCLUB ,S<br>OCIAL<br>TEACHERS | അധ്യാപകർ,<br>P T A, കുട്ടികൾ |
| ആൽബം തയ്യാറാക്കുക | ചരിത്രസ്മാരകങ്ങളിലൂടെ ആൽബം തയ്യാറാക്കുക | പ്രവർത്തനാധിഷ്ഠിതമായ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക | SOCIALCLUB ,S<br>OCIAL<br>TEACHERS , | കുട്ടികൾ |

| മേഖല | പ്രവർത്തനം | ലക്ഷ്യം | ചുമതല | പിന്തുണ |
|---|---|---|---|---|
| ശാസ്ത്ര ലാബ് നവീകരണം | നിശ്ചല മാതൃകകൾ പ്രവർത്തന മാതൃകകൾ എന്നിവ നിർമ്മിക്കൽ | ശാസ്ത്രാവബോധം വർധിപ്പിക്കുക പ്രവർത്തനാധിഷ്ഠിത വിദ്യാഭാസത്തിനു പ്രാധാന്യം നൽകുക | ശാസ്ത്ര അധ്യാപകർ , ശാസ്ത്ര ക്ലബ് | PTA SSG |
| ജൈവ പാർക്ക് നിർമ്മാണം | വൈവിധ്യങ്ങളായ ഔഷധ സസ്യങ്ങൾ കുട്ടികൾ കൊണ്ടുവരുന്നു അധ്യാപകരുടെ സഹായത്തോടെ പാർക്ക് നിർമ്മാണം | ഔഷധ സസ്യങ്ങൾ ജീവിതത്തിൽ ഒഴിച്ച് കൂടാത്തതാണെന്ന് തിരിച്ചറിയുന്നു | ശാസ്ത്ര ക്ലബ് | PTA കുട്ടികൾ |
| ഉപകരണ നിർമ്മാണം | ക്ലാസ് മുറികളിൽ പരീക്ഷണം ചെയ്യുന്നതിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള വസ്തുക്കൾ കണ്ടെത്തുന്നു. | പുത്തൻ പരീക്ഷണങ്ങളിലൂടെയും ഉപകരണ നിർമ്മാണത്തിലൂടെയും ആഹ്ളാദം കണ്ടെത്തൽ | SRG ശാസ്ത്ര ക്ലബ്ബ് , അധ്യാപകർ | ടീച്ചേർസ് കുട്ടികൾ |
| പഠന യാത്ര | കാർഷിക ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കുന്നു | നിരീക്ഷണാത്മകവും അനുഭവാധിഷ്ഠിതവുമായ പഠനം ഉറപ്പുവരുത്തുക | ശാസ്ത്ര അധ്യാപകർ ശാസ്ത്ര ക്ലബ് | SSG |

| | | | | |
|---|---|---|---|---|
| വാനനിരീക്ഷണം | നക്ഷത്രങ്ങളെ പഠനം നടത്തുന്നു | നിരീക്ഷണാത്മകവും അനുഭവാധിഷ്ഠിതവുമായ പഠനം ഉറപ്പുവരുത്തുക | ശാസ്ത്ര അധ്യാപകർ | SSG |
| ലഹരി വിരുദ്ധ ക്യാമ്പയിൽ | ബോധവൽക്കരണ ക്ലാസ് സംഘാടനം | മനുഷ്യന് വിനാശകരമായ വസ്തുക്കളെ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുക | ശാസ്ത്ര ക്ലബ്ബ് | SRG, PTA |
| ദിനാചരങ്ങൾ ആചരിക്കുന്നു | ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക | ദിനാചരണങ്ങളെ കുറിച്ച് ബോധവൽക്കരിക്കുക | ശാസ്ത്ര അധ്യാപകർ | SSG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യ  ശാസ്ത്രം (എച്ച് . എസ് )

**<u>പ്രവർത്തനം 1</u>**

പേര് : സാമൂഹ്യശാസ്ത്ര ലാബ്
മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 5000/- |

**<u>പ്രവർത്തനം 2</u>**

പേര് : പഠനയാത്രകൾ.
മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠഭാഗങ്ങൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | രണ്ട് മാസത്തിൽ ഒന്ന് വീതം | എസ്.ആർ.ജി | 2000/- പി.ടി.എ |

## പ്രവർത്തനം 3

പേര് : മേളകൾ.
മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പ്രവർത്തനങ്ങൾ മനസിലാക്കുക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 5000/– |

## പ്രവർത്തനം 4

പേര് : മോക്ക് പാർലമെന്റ്.
മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ . | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി , സ്കൂൾ പാർലമെന്റ് | |

**പ്രവർത്തനം 5**

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ.
മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായനാ കോർണർ ഒരുക്കൽ.. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 5000/– പി.ടി.എ |

**പ്രവർത്തനം 6**

പേര് : ദിനാചരണ പ്രവർത്തനങ്ങൾ..
മേഖല/ഉപമേഖല : അക്കാദമികം/ സാമൂഹ്യ ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ പരിചയപ്പെടൽ. | സാമൂഹ്യശാസ്ത്ര ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | എല്ലാ മാസവും | സാമൂഹ്യശാസ്ത്ര ക്ലബ് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിത ശാസ്ത്രം (യു . പി )

**പ്രധാന ലക്ഷ്യങ്ങൾ**

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ  വിഷയം ആക്കി തീർക്കുവാനും പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിഷയം , ഉല്ലാസ ഗണിതം നടപ്പാക്കുക .
- ഗണിത പഠനം ലളിതവും രസകരവും ആക്കുക
- വിനോദ പ്രവർത്തങ്ങൾക്ക് മുൻതൂക്കം നൽകുക
- ICT സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന്  കുട്ടിയെ ബോധ്യപ്പെടുത്തുക
- ജ്യാമിതീയ   രൂപങ്ങൾ തിരിച്ചറിയുന്നു
- സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്ന ഗുണനപ്പട്ടിക ഉപയോഗം തിരിച്ചറിയുന്നു
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു
- പ്രേശ്നപരിഹാരം പ്രായോഗിക പ്രശ്ന പരിഹാരത്തിനു മുൻഗണന
- ദൈനംദിന ജീവിത പ്രശ്നങ്ങൾ  പരിഹരിക്കുന്നതിന് സങ്കലനം ,വ്യവകലനം ,ഗുണനം, ഹരണം  എന്നിവ സഹായകമാകുമെന്ന് കുട്ടികൾ തിരിച്ചറിയുന്നു
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു

* കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും പര്യാപ്തമാക്കുന്നു .

* ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു .

* കുട്ടികൾ സ്വന്തമായി WORKSHEET-കൾ നിർമ്മിക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു .

* ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നു ചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യതയുള്ളതിനാൽ രക്ഷിതാക്കൾ ,കുട്ടികൾ, BRC… etc തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിതപഠനം എളുപ്പമാക്കുക .

<u>പ്രവർത്തന പദ്ധതികൾ</u>

* ഗണിതത്തോട് ഇഴുകിച്ചേരാൻ മുത്തുകൾ, സ്പൈലിബോളുകൾ, ബഹുവർണടോക്കണുകൾ , ചിത്രകാർഡുകൾ ,സങ്കലന വ്യാഖ്യാന കാർഡുകൾ ,ഗെയിം ബോഡുകൾ ,ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവത്തനങ്ങൾ .

* സ്ഥാനവില പോക്കറ്റ് നിർമ്മാണം ,ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ .......

- സംഖ്യാ  കാർഡുകൾ ആവർത്തന വായന , എഴുത്തു, ചിത്രസഹായത്തോടെയുള്ള പഠനം .

- മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസിലാക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ച്  ഗണിത രൂപങ്ങൾ പരിചയപ്പെടുത്താൻ .

- സംഖ്യ ചാർട്ടുകൾ, ഡൈസ് സംഖ്യ സ്ലിപ്പുകൾ, സംഖ്യ കേളി, സംഖ്യമാല, പദസൂര്യൻ ഇവയുടെ നിർമ്മാണം.

- puzzle  നിർമ്മാണം ഗണിത കേളി കടയിൽ നിന്നും സാധനങ്ങൾ വാങ്ങി കൂട്ടാനും കുറക്കാനും ഉള്ള പരിശീലനം .

- ഗണിത മാഗസിൻ നിർമ്മാണം.

- ഗണിത കേളികൾ ക്ലാസ് തലത്തിൽ ശില്പ ശാല  ഗണിത ഗാനം കുട്ടികവിതകൾ ശേഖരണം കണക്കിലെ കളികൾ ശേഖരണം ജമതീയ രൂപങ്ങൾ നിർമ്മാണം ചതുരം സമചതുരം വൃത്തം ത്രികോണം ഗണിത ശാത്രജ്ഞന്മാർ  അവരുടെ സംഭാവനകൾ.

- സെമിനാർ  ഉപന്യാസ രചന ക്വിസ് ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിത ശാസ്ത്രം (എച്ച്. എസ് )

## ലക്ഷ്യം

- ഗണിത ശാസ്ത്രത്തെ കൂടുതൽ അറിയുവാനും ആസ്വാദ്യകരമായ വിഷയമാക്കി തീർക്കുന്നതിനും പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നുന്നതിനും വേണ്ടി ഗണിത കളരി ,ഗണിതകേളി തുടങ്ങിയവ നടപ്പിലാക്കുവന്നതിനും ഗണിത പഠനം ലളിതവും രസകരമാക്കുകയും ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിയത്ത പഠനം ലളിതമെന്നെന്നു കുട്ടിയെ ബോധ്യപ്പെടുത്തുന്നു .

- ഗണിത പഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു .

- ഗണിത പഠനപ്രവർത്തനങ്ങൾ ലളിതമാക്കുന്നതിനു വേണ്ടി ഗണിത ലാബ് പ്രത്യേകമായി സജീകരിക്കുകയും ചെയ്യുന്നു .

- ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന രീതി നടപ്പിലാക്കുക .

- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാല മുറ്റത്തു ഗണിത പാർക്ക് സജ്ജമാക്കുക .

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് വേണ്ടി വർക്ക് ഷീറ്റുകൾ പ്രയോജനപ്പെടുത്തുക.

- ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി മറ്റുകുട്ടികൾക്ക് അടിസ്ഥാന ഗണിത ആശയം ഉറപ്പിക്കാൻ നടത്താവുന്നതാണ് .

- ഗണിതക്ലിനിക്ക് ,ഗണിത ശിൽപ്പശാല ,ഗണിതവർക്ക്ഷോപ്പ് ,മുതലായവ ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉപയോഗപ്പെടുത്താവുന്നതാണ്. .

- മാസത്തിൽ ഒരു തവണ ക്ലബ് പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്

- ഗണിത ശാസ്ത്ര മേളകളിൽ കൂടുതൽ നിലവാരമുള്ള മേഖലകളിൽ കുട്ടികളെ തിരഞ്ഞെടുത്ത് പങ്കെടുപ്പിക്കാവുന്നതാണ്.

- ഗണിത ലൈബ്രറി സ്ഥാപിക്കാവുന്നതാണ് .

- ഗണിത ആശയങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത സെമിനാറുകൾ സങ്കെടുപ്പിക്കുക .

- പ്രായോഗിക സന്ദർഭങ്ങളിൽ മഥിച്ചു പറയുക,ഊഹിച്ചു പറയുക,മനക്കണക്കിൻറെ സാധ്യത , ഗണിതക്രിയകളിൽ താൽപ്പര്യം ജനിപ്പിക്കുക ,സം ഖ്യ കളെ കുറിച്ച് വ്യക്തമായ ധാരണ ജനിപ്പിക്കുക .

- ചതുഷ്ക്രിയകൾ കൊണ്ട് പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ പ്രാപ്തരാക്കുക .

- ജ്യാമിതീയ രൂപങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുകയും അവ പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുക .

- ചുറ്റുപാടും കാണുന്ന മൂർത്ത രൂപങ്ങളെ ഗണിത ശാസ്ത്രരീതിയിൽ ദൃശ്യവൽക്കരിക്കുവാനുള്ള ശേഷി വർദ്ധിപ്പിക്കുക.

- ഗണിത പ്രശ്നങ്ങളെ പുതിയ രീതിയിൽ വീക്ഷിക്കുവാനും അവയുടെ പരിഹാരത്തിന് പുതിയ മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള ചിന്താശേഷി വർദ്ധിപ്പിക്കുക .

- ഗണിത പ്രശ്നങ്ങളെ പുതിയ രീതിയിൽ വീക്ഷിക്കുവാനും ചിന്താശേഷി വികസിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.

## നേരിടുന്ന പ്രശ്നങ്ങൾ

- ഗണിതത്തോടുള്ള താൽപര്യക്കുറവ് .

- സംഖ്യകളെ കുറിച്ച് ശരിയായ ബോധമില്ല .

- ചതുഷ്ക്രിയകൾ  ഉചിത സ്ഥാനത്തും ശരിയായ രീതിയിലും ഉപയോഗിക്കാനുള്ള കഴിവില്ലായ്മ.

- ജ്യാമിതീയ രൂപങ്ങളെ കൃത്യമായി തിരിച്ചറിയാൻ കഴിയാത്ത സാഹചര്യവും അവയുമായി ബന്ധപെട്ട പ്രശ്നങ്ങളെ നിർദ്ധാരണം ചെയ്യുവാൻ സാധിക്കാതെ ഇരിക്കുകയും ചെയ്യുക.

- ജ്യാമിതീയ ഉപകരണങ്ങൾ ,ഗണിതപെട്ടിയിലെ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാനുള്ള കഴിവില്ലായ്മ .

**ഗണിതത്തോടു താല്പര്യം വളർത്തൽ**

- ഗണിത പതിപ്പുകൾ നിർമ്മാണം.

- ഗണിത  കളികൾ .

- പാറ്റേണുകൾ രൂപപ്പെടുത്തൽ.

- ഗണിത മേളയ്ക്കു പങ്കെടുപ്പിക്കൽ.

- ഗണിത  കഥകളും , കവിതകളും ഉൾക്കൊളിച്ചുകൊണ്ടുള്ള  ഗണിത ക്യാമ്പ്  സംഘടനം .

- ഗണിത നാടകം .

- ഗണിത പ്രശ്നോത്തരികൾ.

- ICT  സാധ്യതകൾ .

- ഗണിത ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ പ്രദർശനവും വിവരണവും .

**സംഖ്യാബോധം വളർത്തുന്നതിന് .**

- ഗണിത കളികൾ ഉൾക്കൊളിച്ചുകൊണ്ടുള്ള പഠന ക്യാമ്പ്.
- ഗണിതവസ്തുക്കൾ ഉറപ്പിക്കാനുള്ള കളികൾ.
- I C T ദൃശ്യാവിഷ്കരണം.
- വേദ ഗണിതം സാധ്യതകളുടെ പഠനക്ലാസ്സുകൾ.
- ഗെയിം ബോർഡ് ,DICE കളുടെ സമയ ബന്ധിതമായ ഉപയോഗിക്കൽ.
- ജാമിതീയരൂപങ്ങളുടെ ദൃശ്യാവിഷ്കരണം പരപ്പളവ് ,ചുറ്റളവ് വ്യാപ്തം ഇവയിലെ പ്രശ്നങ്ങൾ പരിഹരിക്കൽ .
- ഘട്ടം ഘട്ടമായി സ്കൂളിന്റെ സ്കെച്ച് തയ്യാറാക്കൽ .
- വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള നിർമ്മാണ ശിൽപ്പശാല .
- പുതിയ പുതിയ നിർമ്മിതിയുടെ പ്രദശനം.
- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം സംഘടിപ്പിക്കൽ.
- ഗണിത ശാസ്ത്രജ്ഞൻമാരുടെ ദിനാചരണം .
- സ്കൂൾതലത്തിൽ ഗണിതമേളസംഘാടനം .
- അന്താരാഷ്ട്ര ഗണിതാദിന പ്രേത്യകതകൾ